KOLLAM CITY POLICE
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 13/07/ 2021

# “ദൃഷ്ടി പദ്ധതി” - പൊതുജനങ്ങൾക്ക് കാതോർത്ത് സിറ്റി പോലീസ് മേധാവി

ഇന്ന് വൈകിട്ട് 04.00 മുതൽ അഞ്ച് വരെയും തുടർന്ന് എല്ലാ ബുധനാഴ്ചകളിലും ഇതേ സമയത്ത് ജില്ലാ പോലീസ് മേധാവി പൊതുജനങ്ങളുമായി വീഡിയോ കോളിലൂടെ സംവദിക്കുന്നു.

കൊല്ലം : കേരള പോലീസിന്റെ ദൃഷ്ടി പദ്ധതി നിലവിൽ വന്നു. പോലീസ് സേവനം കൂടുതൽ ജനകീയമാക്കി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ട ദൃഷ്ടി പദ്ധതി കൊല്ലം സിറ്റിയിലും ആരംഭിച്ചു. പൊതുജനങ്ങൾക്ക് ഇന്നും ഇനി വരുന്ന എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം നാല് മണി മുതൽ അഞ്ച് മണിവരെ വീഡിയോ കോളിലൂടെ സിറ്റി പോലീസ് മേധാവിയുമായി സംവദിക്കാം. ജില്ലാ പോലീസ് മേധാവി യുടെ **9497907012** എന്ന ഫോൺ നമ്പരിലേക്ക് വാട്ട്സ് ആപ്പ് വീഡിയോ കോൾ വഴി അവരുടെ ആവലാതികളും ദുരിതങ്ങളും ശ്രദ്ധയിൽപ്പെടുത്താം. ആവലാതികളിൽ മേൽ അടിയന്തരമായി ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ സ്വന്തം കുടുംബാന്തരീക്ഷത്തിലിരുന്ന് നിർഭയമായി ഉന്നത പോലീസ് നേതൃത്വത്തിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ള അവസരമാണ് ഇതിലൂടെ ലഭ്യമാ കുന്നത്. ഇത് പോലീസ് പൊതുജന ബന്ധം സുദൃഢവും സൗഹൃദവും ആക്കുന്ന തിനും സഹായിക്കുമെന്ന് ജില്ലാ പോലീസ് മേധാവി നാരായണൻ റ്റി. ഐ.പി.എസ്സ് പ്രത്യാശ പ്രകടിപ്പിച്ചു.